**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3147** **07.02.2018 ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി സർക്കാർ ഭൂമി**

| **ചോദ്യം**<br>**ശ്രീ.അടൂർ പ്രകാശ്** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി സർക്കാർ ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 270.83 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ ഭൂമി യൊന്നും വിതരണം ചെയ്തിട്ടില്ല. ടി പദ്ധതി പ്രകാരം മുൻപ് നൽകിയ ഭൂമിയിന്മേലുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. |
| (ബി) | ഇവയുടെ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻ കീഴിൽ ഭൂമി യൊന്നും വിതരണം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമല്ല. |
| (സി) | ഇതിൽ ആദിവാസികൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് സർക്കാർ ഭൂമി വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ; | (സി) ബാധകമല്ല |
| (ഡി) | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര കുടംബങ്ങൾ നിലവിലുണ്ടെന്ന് ജില്ല, താലൂക്ക്, വില്ലേജ് തിരിച്ച് വെളിപ്പെടുത്തുമോ; | (ഡി) ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി നിലവിൽ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള നടപടികൾ നടന്നു വരുന്നു. ആയതിന്റെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന മുറക്ക് മാത്രമേ ഭൂരഹിതരായ കുടുംബങ്ങളുടെ യഥാർത്ഥ എണ്ണം ലഭ്യമാകുകയുള്ളു. |
| (ഇ) | ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി സർക്കാർ കണ്ടെത്തിയ ഭൂമി എത്രയാണ്; ഇവയുടെ ജില്ല ,താലൂക്ക്, വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ? | (ഇ) ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി നിലവിൽ സർക്കാർ കണ്ടെത്തിയ ഭൂമി 270.83 ഹെക്ടർ ആണ്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. വില്ലേജ്, താലൂക്ക് തിരിച്ചുള്ള ലിസ്റ്റ് ശേഖരിച്ചു നൽകുന്നതാണ്. |

| ക്രമ നം. | ജില്ല | ലഭ്യമായ ഭൂമിയുടെ അളവ് |
|---|---|---|
| 1 | തിരുവനന്തപുരം | 07.6491 |
| 2 | കൊല്ലം | 00.0427 |
| 3 | പത്തനതിട്ട | 00.4858 |
| 4 | ആലപ്പുഴ | 00.3870 |

| | | |
|---|---|---|
| 5. | കോട്ടയം | 08.4129 |
| 6. | ഇടുക്കി | 161.9158 |
| 7. | എറണാകുളം | 02.1983 |
| 8 | തൃശ്ശൂർ | 50.7954 |
| 9. | പാലക്കാട് | 30.7692 |
| 10. | മലപ്പുറം | 01.4706 |
| 11 | കോഴിക്കോട് | 00.7813 |
| 12 | വയനാട് | 00.0485 |
| 13 | കണ്ണൂർ | 05.8821 |
| 14 | കാസറഗോഡ് | 00.0000 |
| 15 | ആകെ | 270.8387 |

സെക്ഷൻ ഓഫീസർ